(c) No.

(d) Just before taking up the work.

(e) Yes.

(f) Government do not consider it as a very necessary and urgent item of work to be taken up immediately and as such it may wait safely for better times.

CENTRAL CO-OPERATIVE BANK—APPOINTMENT OF AUDITOR.

52. മിസ്റ്റർ കെ. എസ്സ്. പണിക്കർ : താഴെ പറയുന്നതിലേക്കുള്ള ഉത്തരം ദയവായി ഗവൺമെൻറ് സഭയിൽ മറുപടി പറയുമോ:—

(എ) എറണാകുളത്തിൽ സെൻട്രൽ കോ-ഓപ്പറേറ്റീവ് ബാങ്കിലേക്ക് സംഘടിത സംഘങ്ങളുടെ ഓഡിറ്റുചെയ്യാൻ പുതുതായി ഒരു ഓഡിറ്ററെ നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു് കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെണ്ടിന്റെ അറിവോടുകൂടിയാണോ;

(സി) സെൻട്രൽ ബാങ്കിൽനിന്നുള്ള ഇത്തരം നിയമനങ്ങളും പരസ്പരസഹായസംഘം റജിസ്ട്രാർ അവർകളുടെ അറിവോടുകൂടിയോ അനുമതിയോടുകൂടിയോ വേണമെന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഈ നിയമനസംഗതിയിൽ ഗവൺമെൻറ് എന്തു നടപടിയാണു നടത്തിയിട്ടുള്ളതു"?

ഡോക്ടർ. എ. ആർ. മേനോൻ:

(എ) ഉവ്വ്".

(ബി) അല്ല.

(സി) ഉവ്വ്".

(ഡി) ഗവൺമെൻറിൽനിന്നും ഈ നിയമനത്തെ റദ്ദ്ചെയ്യുകയുണ്ടായി.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഈ നിയമനം നിയമവിരോധമായതുകൊണ്ടാണോ ഗവൺമെണ്ടു റദ്ദാക്കിയതു"?

ഡാക്ടർ എ. ആർ. മേനോൻ : നിയമവിരോധമല്ലെങ്കിൽ റദ്ദ് ചെയ്യേണ്ട ആവശ്യമില്ലല്ലൊ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : നിയമവിരോധം ചെയ്ത ആ ഉദ്യോഗസ്ഥനു വല്ല ശിക്ഷയും ഗവൺമെണ്ടു കൊടുത്തിട്ടുണ്ടോ?

ഡാക്ടർ എ. ആർ. മേനോൻ : ആ ഉദ്യോഗസ്ഥൻ ബോർഡിന്റെ കല്പനപ്രകാരം ചെയ്തു എന്നേയുള്ളൂ. ബോർഡിന്റെ കല്പനപ്രകാരം സിക്രട്ടറി ആ പ്രവൃത്തി നടത്തി. അതിൽ സിക്രട്ടറിയുടെ പേരിൽ കുറവില്ല.

മിസ്റ്റർ കെ. കൊച്ചുകുഞ്ഞൻകയ്മൾ : ഈ നിയമനം നടത്തുവാനുള്ള അധികാരം ആർക്കാണു"?

Dr. A. R. Menon *(Minister for Rural Development)*: Subject to the sanction of the Registrar, they can appoint the auditor. That sanction was not obtained and therefore the appointment was cancelled.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. കൊച്ചുകുഞ്ഞൻകയ്യടി : സിക്രട്ടറിക്കു് ഈ നിയമനത്തിൽ വല്ല സംബന്ധമൊ ചുമതലയൊ ഉണ്ടോ ?

ഡാക്ടർ എ. ആർ. മേനോൻ : ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : പത്തു കൊല്ലത്തെ എക്സ്പീരിയൻസ് ഉള്ള ആളല്ലെ ഈ നിയമനം നടത്തിയതു് ?

ഡാക്ടർ എ. ആർ. മേനോൻ : അതെ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ. ഈ പത്തു കൊല്ലംകൊണ്ടു് അദ്ദേഹത്തിന്നു് ഇതിന്റെ സമ്പ്രദായം മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ലെന്നാണോ ഗവമ്മെണ്ടു പറയുന്നതു് ?

Dr. A. R. Menon *(Minister for Rural Development)*: What he has to do is to carry out the orders.

Mr. K. S. Panickar *(Ezhuvas-Mukundapuram)*: At the same time he has to obey the orders also ?

Dr. A. R. Menon *(Minister for Rural Development)*: Yes. He has obeyed the orders

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഗവമ്മെണ്ടിന്റെ നിയമത്തിനു വിരോധമായി നിയമനം നടത്തുവാൻ അദ്ദേഹത്തിന്നു് അധികാരം ഇല്ലാത്തതാണു്. അങ്ങിനെയിരിക്കെ ഇങ്ങിനെ നിയമിച്ചു കാണുന്നതു് ഒരുപക്ഷെ അദ്ദേഹത്തിന്റെ അറിവില്ലായ്മകൊണ്ടായിരിക്കണം. അതല്ലെങ്കിൽ ഗവമ്മെണ്ടിനെ അദ്ദേഹം വകവെക്കാത്തതുകൊണ്ടായിരിക്കണം.

ഡാക്ടർ എ. ആർ. മേനോൻ : ഗവമ്മെണ്ടിന്റെ കല്പനയെ വകവെക്കാത്ത ആളുകളൊന്നും ഗവമ്മെണ്ടു ഡിപ്പാർട്ടുമെണ്ടുകളിലില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഗവമ്മെണ്ടിന്റെ അറിവുകൂടാതെ നിയമിക്കാൻ പാടില്ലാത്ത സംഗതിയിൽ ഗവമ്മെണ്ടിന്റെ അറിവുകൂടാതെ നിയമിച്ചതായിട്ടാണു കാണുന്നതു. ഇങ്ങിനെ ഒരു നിയമനം നടത്തിയ ഉദ്യോഗസ്ഥനു വല്ല ശിക്ഷയും ഗവമ്മെണ്ടു കൊടുത്തിട്ടുണ്ടോ ?

ഡാക്ടർ എ. ആർ. മേനോൻ : ഉദ്യോഗസ്ഥനല്ല നിയമിച്ചിട്ടുള്ളതു്. ബോർഡാണു് നിയമനം നടത്തിട്ടുള്ളതു്. ബോർഡിന്റെ കല്പനയനുസരിച്ചു് ഉദ്യോഗസ്ഥൻ പ്രവൃത്തിച്ചു എന്നേയുള്ളു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : അപ്പോൾ ഈ ഉദ്യോഗസ്ഥനു ഒരു ബാദ്ധ്യതയുമില്ലേ ?

Dr. A. R. Menon *(Minister for Rural Development)*: I object to that allegation and even that insinuation. അതു് ഗവമ്മെണ്ടിനു വിരോധമായി പോയാൽ ഗവമ്മെണ്ടു ചീടിക്കും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഈ നിയമനം ഗവമ്മെണ്ടിന്റെ നിയമത്തിനു വിരോധമായി പോയതുകൊണ്ടാണു റദ്ദു ചെയ്തതു് എന്നു പറഞ്ഞു. അങ്ങിനെ വിരോധമായി ചെയ്തതിനു് അയാൾക്കു കുറ്റമില്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

ഡാക്ടർ എ. ആർ. മേനോൻ: അയാളല്ല നിയമിച്ചതു്. ബോർഡാണു്. It is the third time that I am repeating that the Board appointed him and that the Secretary has only carried out the orders of the Board.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ബോർഡിന്റെ കല്പനപ്രകാരം സിക്രട്ടറി നിയമനം നടത്തുമ്പോൾ—അതായതു് ബോർഡിന്റെ കല്പന ഗവൺമെണ്ടിന്റെ നിശ്ചിത നിയമത്തിനു വിരോധമാണെന്നു സിക്രട്ടറി കാണുമ്പോൾ—ആ സംഗതി ഗവൺമെണ്ടിനെ അറിയിക്കേണ്ട ചുമതല സിക്രട്ടറിക്കില്ലേ? അങ്ങിനെ സിക്രട്ടറി അറിയിച്ചിട്ടുണ്ടോ?

ഡാക്ടർ എ. ആർ മേനോൻ: അങ്ങിനെ കടലാസു വന്നപ്പോഴാണു മാറിയതു്. കടലാസു വന്നപ്പോൾ രജിസ്ട്രാരുടെ അറിവോടും അനുവാദത്തോടും കൂടിയല്ല നിയമനം നടത്തിട്ടുള്ളതു് എന്നു കണ്ടു.

മിസ്റ്റർ കെ. കൊച്ചുകുഞ്ഞൻകയ്മൾ: ആ ഉദ്യോഗസ്ഥനുള്ള അധികാരം ബോർഡിന്റെ കല്പന ഗവൺമെണ്ടിന്റെ അറിവോടും അനുവാദത്തോടുംകൂടി പ്രവൃത്തിക്കുകയല്ലേ?

ഡാക്ടർ എ. ആർ. മേനോൻ: അതെ.

Mr. K. Kochukunhan Kaimal *(Vadakkancheri):* Are we to take it that the appointment is subject to the approval of the Government?

Mr. K. R. Viswambharan *(Ezhuvas-Talappalli):* May I know whether the final appointment was made after the recommendation of the Board?

Dr. A. R. Menon (*Minister for Rural Development*): It is the Board that makes the appointment.

Mr. K. R. Viswambharan (*Ezhuvas-Talappalli*): Did they request the Government to approve the appointment?

Dr. A. R. Menon *(Minister for Rural Development):* No, Government interfered, because certain conditions were not fulfilled.

Mr. K. R. Viswambharan *(Ezhuvas-Talappalli):* As far as my information goes, the Co-operative Bank can appoint an auditor only with the sanction of the Registrar of Co-operative Societies and that sanction was applied for.

Dr. A. R. Menon *(Minister for Rural Development):* That is so. I am not blaming anybody. I am saying what actually took place.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: നിയമിച്ചതായിട്ടുള്ള ആർഡർ അയക്കുന്നതിനുമുമ്പു ഗവൺമെൻറ സാംഗ്ഷൻ കിട്ടണമെന്നു നിർബ്ബന്ധിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

Dr. A. R. Menon *(Minister for Rural Development)*: Any appointment can be made subject to the approval of the Registrar. That approval was not obtained. It is merely a technical matter.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: സൊസൈറ്റി ഒരാളെ നിയമിച്ചു. ആ നിയമിച്ച കല്പന സിക്രട്ടറി മൂലം ആഡിറക്ക് അയക്കുന്നതിനുമുമ്പു ഗവ മെന്റിന്റെ അനുമതി മേടിക്കണമെന്ന നിർബ്ബന്ധം നിയമപ്രകാരമുണ്ടോ?

ഡാക്ടർ എ. ആർ. മേനോൻ: സാധാരണ അങ്ങിനെയാണു. It is only to have some sort of check and control. After all it is a Bank. Government have got only a partial interest in the Bank.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇത നിയമനം റദ്ദാക്കീട്ടു് ആ സ്ഥാനത്തേക്കു് ആരെയാണു നിയമിച്ചതു"?

Dr. A. R. Menon *(Minister for Rural Development)*: Notice.

UPLIFT OF DEPRESSED CLASSES—SCHEME FOR.

53. മിസ്റ്റർ കെ. പി. വള്ളോൻ: താഴെ എഴുതുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെന്റിൽ നിന്നും സദയം മറുപടി നൽകുമോ:—

പ പ പ ള മുതൽ സംരക്ഷണവകുപ്പിൽനിന്നും അധഃകൃതരുടെ ഉന്നമനാർത്ഥം ചെയ്യുന്ന പ്രവർത്തനങ്ങൾക്കു ഒരു പ്രത്യേക സ്കീം ഉണ്ടാക്കി അതുപ്രകാരം ചെയ്യാൻ ഭയവുണ്ടാകുമോ?

ഡോക്ടർ. എ. ആർ. മേനോൻ:

പ പ പ ള-ാമാണ്ടിലും ഇതുവരെ തുടർന്നപോന്ന സ്കീം തന്നെയാണു നടത്തുവാൻ ഉദ്ദേശിച്ചിരിക്കുന്നതു്. പ്രത്യേക സ്കീം ഒന്നും തയ്യാറാക്കീട്ടില്ല. എന്നാൽ കോളനികൾക്കുള്ള ചിലവു ചുരുക്കുകയും, വിദ്യാഭ്യാസത്തിനുള്ളതു കൂട്ടുകയും ചെയ്തിട്ടുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ: ഇതുവരെ നടത്തീട്ടുള്ള സംരക്ഷണം ഒരു സ്കീം പ്രകാരമല്ല നടത്തീട്ടുള്ളതു്.

ഡാക്ടർ എ ആർ. മേനോൻ: കുറെ കോളനികളാണു് ഇപ്പോൾ ഉള്ളതു്. അതെല്ലാം നോക്കുന്നതിനു പ്രത്യേകിച്ചു സ്കീമൊന്നുമില്ല. രണ്ടു സംഗതികളാണു് ഇപ്പോൾ പ്രധാനമായുള്ളതു്. ഒന്നു് കോളനി; രണ്ടു് പഠിപ്പിക്കേണ്ട കാര്യം; പഠിപ്പിക്കേണ്ട കാര്യത്തിനാണു പണം അധികം ചിലവാക്കേണ്ടതു് എന്നു സമുദായത്തിലെ പലരും അഭിപ്രായപ്പെട്ടതനുസരിച്ചു് ആ വകയിൽ കൂടുതൽ സംഖ്യ കൊള്ളിച്ചിട്ടുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ: സംരക്ഷണ പ്രവൃത്തികൾ ഒരു നിയമപ്രകാരമല്ലാത്തതുകൊണ്ടു ചില ദോഷങ്ങളൊക്കെ സംഭവിക്കുന്നുണ്ടു്. അതുകൊണ്ടു് ഇനി നടത്തുന്നതെങ്കിലും ഒരു സ്കീം പ്രകാരം നടത്തുവാൻ ഭയവുണ്ടാകുമോ?

ഡാക്ടർ എ. ആർ. മേനോൻ: ഇനി നടത്തുന്നതു സ്കീം പ്രകാരം വേണമെന്നുള്ളതിനെപ്പറ്റി ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly